ജില്ലാന്തര സ്ഥലംമാറ്റ വ്യവസ്ഥകളിൽ ഇളവ്

77 [2509] *ശ്രീ. ഉമേഷ് ചള്ളിയിൽ:*

,, *കെ. കെ. ഷാജു:*

,, *എ. എൻ. രാജൻ ബാബു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാന്തര സ്ഥലംമാറ്റങ്ങൾക്ക് അഞ്ചുവർഷ കാലാവധി എന്ന മാനദണ്ഡം നിലവിലുള്ളതുകൊണ്ട് ഉദ്യോഗസ്ഥർ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരമൊരു വ്യവസ്ഥ തുടരുന്നതിന്റെ പ്രസക്തി പുനഃപരിശോധിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) ഇതുമൂലമുള്ള ബുദ്ധിമുട്ടുകൾ പരിഗണിച്ച് സമാന തസ്തികയിൽ റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത ജില്ലകളിലേക്കുള്ള ജില്ലാന്തര മാറ്റത്തിന് അഞ്ചുവർഷ കാലാവധിയിൽ ഇളവ് നൽകുന്ന കാര്യം പരിഗണിക്കുമോ;

(ഡി) ജില്ലാന്തര മാറ്റങ്ങൾക്ക് മ്യൂച്ചൽ ട്രാൻസ്ഫർ പുനഃസ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) & (ബി) കാലപരിധി കൂടാതെയുള്ള ജില്ലാന്തര സ്ഥലമാറ്റങ്ങൾമൂലം ചില ജില്ലകളിൽ ചില തസ്തികകളിൽ ഉദ്യോഗസ്ഥരുടെ ദൗർലഭ്യം അനുഭവപ്പെട്ടിരുന്നു. പി.എസ്.സി. റാങ്ക്‌ലിസ്റ്റുകളിൽ നിന്നുള്ള നിയമനങ്ങളെയും ഇത് ദോഷമായി ബാധിച്ചിരുന്നു. ഇത്തരത്തിൽ സംജാതമായ സ്ഥിവിശേഷം ഒഴിവാക്കുവാനാണ് ജില്ലാന്തര സ്ഥലമാറ്റങ്ങൾക്ക് അഞ്ച് വർഷകാലാവധി എന്ന മാനദണ്ഡം ഏർപ്പെടുത്തിയത്. എന്നാൽ മലയോരപ്രദേശങ്ങളിലെ ഉദ്യോഗാർത്ഥികളുടെ ദൗർലഭ്യം കണക്കിലെടുത്ത്, ഇടുക്കി, വയനാട്, കാസർഗോഡ് എന്നിവിടങ്ങളിലേക്കുള്ള അന്തർജില്ലാ സ്ഥലമാറ്റങ്ങൾക്കും പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്കിലേക്കും മേൽപറഞ്ഞ കാലപരിധി ഒഴിവാക്കി ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത് ഉദ്യോഗസ്ഥർ നേരിടുന്ന ഇക്കാര്യത്തിലുള്ള ബുദ്ധിമുട്ടുകൾക്ക് ഒരു പരിധിവരെ സഹായകരമാണ്.

(സി) & (ഡി) തൽക്കാലം സർക്കാരിന്റെ പരിഗണനയിലില്ല.

ബാങ്കുകൾ നൽകിയ വായ്പകൾ

78 [2510] *ശ്രീ. ബിനോയ് വിശ്വം:* താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന സർക്കാരിന്റെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും നിക്ഷേപങ്ങൾ, ഐ.സി.ഐ.സി.ഐ. ബാങ്ക്, എച്ച്.ഡി.എഫ്.സി. ബാങ്ക്, സെഞ്ചുറിയൻ ബാങ്ക്

LIBRARY ARCHIVES Kerala Legislative Assembly

എന്നിവയ്ക്ക് നൽകിയിട്ടുണ്ടോ; എങ്കിൽ അവ എന്തുകൊണ്ടാണ് ദേശസാൽകൃത ബാങ്കുകളിൽ നിക്ഷേപിക്കാതിരുന്നത്; കാരണം വിശദമാക്കാമോ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

ആത്മഹത്യ ചെയ്ത തേയിലത്തോട്ടം തൊഴിലാളികൾ

79 [2511] *ശ്രീ. തോമസ് ഉണ്ണിയാടൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 5 കൊല്ലക്കാലത്ത് എത്ര തേയിലത്തോട്ടം തൊഴിലാളികൾ ആത്മഹത്യ ചെയ്തിട്ടുണ്ട് എന്നറിയിക്കാമോ;

(ബി) അവർ ആരൊക്കെയാണെന്നും ഏതൊക്കെ തീയതികളിൽ, ഏതൊക്കെ പോലീസ് സ്റ്റേഷൻ അതിർത്തികളിൽവച്ചാണ് ആത്മഹത്യ ചെയ്തതെന്നും ഓരോരുത്തരുടേയും മേൽവിലാസം എന്തായിരുന്നുവെന്നും വെളിപ്പെടുത്താമോ;

(സി) ഓരോരുത്തരുടേയും പോസ്റ്റുമോർട്ടം ഏതൊക്കെ ആശുപത്രികളിൽ നടത്തിയെന്ന് അറിയിക്കാമോ?

ഉത്തരം

(എ) — (സി) വിവരം ശേഖരിച്ചുവരുന്നു.

ഗ്രാമപഞ്ചായത്തുകൾക്ക് ധനകാര്യ കമ്മീഷൻ ഗ്രാന്റ്

80 [2512] *ശ്രീ. രാജു എബ്രഹാം:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകൾക്ക് സംസ്ഥാന സർക്കാർ ധനകാര്യ കമ്മീഷൻ ഗ്രാന്റ് നൽകാറുണ്ടോ;

(ബി) ഇത് നൽകിവരുന്നതിന്റെ മാനദണ്ഡം എന്താണ്; പദ്ധതി തുകയുടെ എത്ര ശതമാനമാണ് ഇങ്ങനെ ഗ്രാന്റായി നൽകിവരുന്നത്;

(സി) ഈ തുക ഏതൊക്കെ മേഖലകളിൽ ഉപയോഗിക്കണം എന്നതു സംബന്ധിച്ച് നിർദ്ദേശമുണ്ടോ;

(ഡി) ഈ വർഷം ഗ്രാമപഞ്ചായത്തുകൾക്ക് ഈ തുക കൈമാറിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ഇ) ഈ തുകയുടെ അഭാവംമൂലം അടിസ്ഥാന മേഖലകളായ ശുചിത്വം, കുടിവെള്ളം തുടങ്ങിയവയുടെ പദ്ധതി പ്രവർത്തനങ്ങൾ പഞ്ചായത്തുകളിൽ

LIBRARY ARCHIVES Kerala Legislative Assembly